No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## <u>പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017</u>
## <u>അപേക്ഷയിലെ വിവരങ്ങളും അപാകതകളും പ്രസിദ്ധീകരിച്ചു</u>

2017–ലെ കേരളത്തിലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ബി.ഫാം, ഫാം.ഡി, മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ഓരോ അപേക്ഷകന്റെയും അപേക്ഷയിലെ വിവരങ്ങളും, അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങളും അപേക്ഷകർക്ക് പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** വഴി ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചാൽ അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകും. കൂടാതെ **'Edit'**ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ മൊബൈൽ നമ്പർ, ഇ–മെയിൽ അഡ്രസ്സ് എന്നിവയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും ഹോം പേജിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഹോം പേജിലെ **'Memo'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച വിശദവിവരങ്ങളടങ്ങുന്ന മെമ്മോ ദൃശ്യമാകുന്നതും, പ്രസ്തുത മെമ്മോയുടെയും ന്യൂനതകൾ പരിഹരിച്ചു നൽകുന്നതിനാവശ്യമായ പ്രൊഫോർമകളുടെയും പ്രിന്റൗട്ട് എടുക്കാവുന്നതുമാണ്. അപേക്ഷകന്റെ ഫോട്ടോഗ്രാഫ്, ഒപ്പ്, വിരലടയാളം എന്നിവ സംബന്ധിച്ച് അപാകതകൾ ഉള്ള പക്ഷം ന്യൂനതകൾ ഇല്ലാത്ത ഫോട്ടോ, ഒപ്പ്, വിരലടയാളം എന്നിവ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. അപേക്ഷകനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. <u>ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉള്ളവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകളും, അപേക്ഷയിൽ അപാകതകൾ ഉള്ളവർ അവ പരിഹരിക്കുന്നതിനുള്ള രേഖകളും **2017 ഏപ്രിൽ 5–ാം തീയതി** യ്ക്കകം നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.</u>

ഫോട്ടോ, ഒപ്പ്, വിരലടയാളം എന്നിവ സംബന്ധിച്ച അപാകതകൾ ഉള്ളവർ അവ നിശ്ചിത സമയത്തിനകം പരിഹരിക്കാത്തപക്ഷം അവർക്ക് എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതല്ല.

അപേക്ഷയിലെ ന്യൂനതകൾ നിശ്ചിത സമയത്തിനകം പരിഹരിക്കാത്ത അപേക്ഷകരെ 2017–ലെ പ്രവേശനത്തിനായുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല. വിവിധ സാമുദായിക/ പ്രത്യേക സംവരണങ്ങൾക്കും മറ്റാനുകൂല്യങ്ങൾക്കുമായി സമർപ്പിച്ചിട്ടുള്ള രേഖകളിലെ അപാകതകൾ നിശ്ചിത സമയത്തിനകം പരിഹരിക്കാത്ത പക്ഷം അവർക്ക് മേൽപറഞ്ഞ ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.03.2017